1. ഇ.ബി. XIII-കേരള നിയമസഭ/XI-24

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### ഇ-ഡിക്ലറേഷൻ നടപ്പാക്കിയതുമൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ വാളയാർ ചെക്ക്പോസ്റ്റിൽ എത്തുന്ന വ്യാപാരികൾക്ക് ഇ-ഡിക്ലറേഷൻ നടപ്പിലാക്കിയതിനെ തുടർന്ന് കഴിഞ്ഞ നാലഞ്ചു ദിവസങ്ങളായി ചരക്കുവാഹനങ്ങളുടെ നിര എട്ടു കിലോമീറ്ററോളമാകുകയും അന്തർ സംസ്ഥാന പൊതുഗതാഗതം ഉൾപ്പെടെ കുരുക്കിലാവുകയും വാളയാർ

ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാവുകയും വിവിധ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കുള്ള ചരക്കുനീക്കം തടസ്സപ്പെട്ടുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഹംസ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): കേരളത്തിലെ ചെക്ക് പോസ്റ്റുകൾ വഴി രജിസ്റ്റേർഡ് വ്യാപാരികളുടെ പേരിൽ ചരക്ക് കൊണ്ടുവരുന്നതിന് 8(f) ഡിക്ലറേഷൻ ഓൺലൈനായി ഫയൽ ചെയ്യാനുള്ള സംവിധാനം 2012 ഫെബ്രുവരി മുതലാണ് നിർബന്ധിതമാക്കിയത്. വണ്ടി ചെക്ക്പോസ്റ്റിൽ എത്തിയശേഷം നെറ്റ് കഫേകളിൽനിന്നും ഡിക്ലറേഷൻ എടുക്കുന്നതും പാഴ്സൽ ഏജന്റുമാർക്ക് ഒരേ വണ്ടിയിലുള്ള സാധനങ്ങൾക്ക് പ്രത്യേകം ഡിക്ലറേഷൻ എടുക്കേണ്ടിവരുന്നതും മൂലമുണ്ടാകുന്ന TIN ദുരുപയോഗവും കിയോസ്കുകളുടെ അനാവശ്യ ഇടപെടലുകളും തടയുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. വാളയാർ ചെക്ക്പോസ്റ്റിൽ നടത്തിയ

ഇൻസ്പെക്ഷനിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ താൽക്കാലിക ജീവനക്കാരായ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ സ്ഥലം മാറ്റുകയും പുനഃക്രമീകരിക്കുകയുമുണ്ടായി. ഇപ്പോൾ അവിടെ വിഷമതകൾ ഒന്നും തന്നെയില്ല.

ശ്രീ. എം. ഹംസ: 8(f) ഡിക്ലറേഷൻ നിർബന്ധമാക്കി നികുതി ചോർച്ച തടയുന്നതിൽ എതിർപ്പില്ലെങ്കിലും ഈ പരിഷ്കാരം വരുത്തുന്നതിനുമുമ്പ് സർക്കാർ വിവിധ ഭാഷാ പത്രങ്ങൾ വഴി പരസ്യപ്പെടുത്തുകയും ആവശ്യമായ നോട്ടീസുകൾ നൽകുകയും ചെയ്യേണ്ടതായിരുന്നു. ആവശ്യമായ മുന്നൊരുക്കങ്ങൾ ഇല്ലാതെ ഈ പരിഷ്കാരം നടപ്പിലാക്കിയത് വാളയാർ ചെക്ക് പോസ്റ്റിൽ ഗതാഗത സ്തംഭനം ഉണ്ടാക്കുന്നതിനും കോയമ്പത്തൂരിലേയ്ക്ക് ചികിത്സയ്ക്ക് പോയവരെ ബുദ്ധിമുട്ടിക്കുന്നതിനും കേരളത്തിൽ നിത്യോപയോഗ സാധന ലഭ്യത ഇല്ലാതാക്കുന്നതിനും മാഫിയ സംഘങ്ങളുടെ കടന്നുവരവിനും വിലക്കയറ്റം സൃഷ്ടിക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റിൽ നിന്നും പരിചയസമ്പന്നരായ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ മാറ്റി പുതിയ ആൾക്കാരെ നിയമിച്ചപ്പോൾ അവർക്ക് ആവശ്യമായ പരിശീലനം നൽകിയില്ലെന്നു മാത്രമല്ല ഓൺ ലൈൻ ഡിക്ലറേഷൻ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടിനൽകണമെന്ന വ്യാപാരി വ്യവസായികളുടെ ആവശ്യവും പരിഗണിച്ചില്ല. വാളയാറിൽ ആധുനിക

ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ തയ്യാറായിട്ടില്ല. വാളയാർ ചെക്ക് പോസ്റ്റിലെ പ്രധാനപ്പെട്ട ജീവനക്കാരുൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ കൗണ്ടറുകളിൽ നല്ലൊരു ഭാഗം പ്രവർത്തിക്കുന്നില്ല. നികുതി വെട്ടിപ്പ് തടയുന്നതിനായി ചെക്ക് പോസ്റ്റിൽ വരുന്ന സാധനങ്ങൾ ഇനം തിരിച്ച് പരിശോധിക്കണമെന്നതിനാൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി വാളയാറിലെ ഗതാഗത പ്രശ്നം പഠിച്ചശേഷം സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ രജിസ്റ്റേർഡ് വ്യാപാരികൾക്കും ചരക്ക് വിൽക്കുന്നവർക്കും മാത്രമായി 8(f) ഡിക്ലറേഷൻ നൽകുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി നിലവിലുള്ള എല്ലാ രജിസ്റ്റേർഡ് വ്യാപാരികൾക്കും ലോഗിൻ ഐ.ഡി.-യും പാസ്‍വേഡും അനുവദിച്ചിട്ടുണ്ട്. അഴിമതിക്കെതിരെയും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമാണ് ഈ നടപടികൾ. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) സംസ്ഥാന ഫിഷറീസ് സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യങ്ങൾ

ശ്രീ. ഹൈബി ഈഡൻ: പനങ്ങാട് കേന്ദ്രമായി സംസ്ഥാന ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനം തുടങ്ങാൻ സാധിച്ചെങ്കിലും പരമ്പരാഗതമായി തൊഴിൽ ചെയ്യുന്നവർക്കപ്പുറം പുതിയ തലമുറയുമായി ഇതിനെ ബന്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. സർവ്വകലാശാല ഇരുപത്തിയഞ്ചോളം കോഴ്സുകൾ നടത്തുന്നതിനുപുറമേ പുതുവൈപ്പിനിൽ പ്രവർത്തിക്കുന്ന ക്യാമ്പസിൽ ഓഷ്യാനോഗ്രാഫി, കണ്ടൽ ഗവേഷണം മുതലായവയ്ക്ക് പ്രാധാന്യം നൽകിവരുന്നുമുണ്ട്. മത്സ്യബന്ധന മേഖലയിലുള്ള അശാസ്ത്രീയമായ

പ്രവർത്തനങ്ങളെക്കുറിച്ചും വംശനാശഭീഷണി നേരിടുന്ന സ്പീഷീസിനെക്കുറിച്ചും ശാസ്ത്രീയ പഠനം നടത്താൻ സർവ്വകലാശാല തയ്യാറാകണം. ആന്ധ്രാപ്രദേശിൽ നടപ്പാക്കിയതുപോലെ കേരളത്തിലും ഓരുകൃഷി ഫലപ്രദമായ രീതിയിൽ നടപ്പാക്കണം. സമുദ്രോല്പന്നങ്ങളിൽ വന്നിട്ടുള്ള കുറവ് പരിഹരിക്കുന്നതോടൊപ്പം സർവ്വകലാശാലയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും അക്വാ ക്ലിനിക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉൾനാടൻ മത്സ്യബന്ധന മേഖലകളിലേയ്ക്ക് ക്യാമ്പസുകൾ വ്യാപിപ്പിക്കുന്നതിനും സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും മത്സ്യബന്ധനമേഖലയിൽ പ്രവർത്തിക്കുന്നവരുടെ കുട്ടികൾക്ക് കോഴ്സുകളിൽ സംവരണം ഏർപ്പെടുത്തുന്നതിനും സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഗവേഷണം, വിദ്യാഭ്യാസം, വിജ്ഞാന വ്യാപനം എന്നീ മേഖലകളിൽ ക്രിയാത്മകമായ പദ്ധതികൾക്ക് ഫിഷറീസ് സർവ്വകലാശാല രൂപം നൽകിവരുന്നുണ്ട്. ഈ അക്കാഡമിക് വർഷത്തിൽ നാല് പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളും മൂന്ന് ബിരുദാനന്തര ബിരുദ ഡിപ്ലോമാ കോഴ്സുകളും

ആരംഭിക്കുന്നതിന് 322 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നതിനും ഒരു ബിസിനസ് സ്കൂളും ഓഫ്ഷോർ എഞ്ചിനീയറിംഗിൽ എം.ടെക് കോഴ്സ് ആരംഭിക്കുന്നതിനും സർവ്വകലാശാലയ്ക്ക് പദ്ധതിയുണ്ട്. മറൈൻ ബയോളജിയിലും മറൈൻ ബയോ പ്രോസസ്സിംഗിലും മികവിന്റെ കേന്ദ്രം തുടങ്ങാൻ പദ്ധതി ആവിഷ്കരിക്കുകയും ഫിഷറീസ് സമുദ്രപഠന മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതിനായി 633 ലക്ഷം രൂപയുടെ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ സർവ്വകലാശാലയിൽ ആനിമൽ ഹെൽത്ത് മാനേജ്മെന്റ് ലബോറട്ടറി സ്ഥാപിക്കുന്നതിനും കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിന് സഹായകരമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ തദ്ദേശീയ മത്സ്യബന്ധന കേന്ദ്രം ആരംഭിക്കുന്നതോടൊപ്പം ഒരു മറൈൻ ഇന്നവേഷൻ സോണും ഒരു ഇൻഡസ്ട്രി ഇൻകുബേഷൻ സെന്ററും സ്ഥാപിക്കുന്നതാണ്. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ 399 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർവ്വകലാശാലയിൽ മത്സ്യത്തൊഴിലാളി വനിതാ പഠനകേന്ദ്രം സ്ഥാപിക്കുന്നതോടൊപ്പം ഫിഷ് ടെക്നിക്കൽ പോർട്ടൽ ആരംഭിക്കുന്നതിനും കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. അക്വാ ക്ലിനിക്കുകൾ വഴി കർഷകർക്ക് സാങ്കേതിക അറിവുകൾ ലഭ്യമാക്കാനും സർവ്വകലാശാലയിൽ ഒരു എഡ്യൂക്കേഷൻ മീഡിയ സെന്റർ സ്ഥാപിക്കാനും അതുവഴി ഇ-ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പദ്ധതി ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ 35.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പനങ്ങാട് ക്യാമ്പസിലെ അക്കാഡമിക് സമുച്ചയത്തിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് സംവരണം ഏർപ്പെടുത്തുന്നതാണ്. സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

## (2) <u>ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ</u>

<u>ഡോ. കെ. ടി. ജലീൽ</u>: 2012-ൽ പ്രവർത്തനമാരംഭിച്ച ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ വേനൽക്കാലത്ത് ജലസംഭരണത്തിനായി താഴ്ത്തിയപ്പോൾ ചോർച്ച ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടെക്നിക്കൽ കമ്മിറ്റി

പരിശോധന നടത്തുകയും വ്യാപകമായ മണലെടുപ്പാണ് ചോർച്ചയ്ക്ക് കാരണമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി ചോർച്ച അടയ്ക്കാൻ കരാറുകാരനോട് നിർദ്ദേശിക്കുകയും സ്റ്റേറ്റ് ലെവൽ മോണിട്ടറിംഗ് കമ്മിറ്റി കൂടി പദ്ധതിപ്രദേശത്തുനിന്ന് മണലെടുപ്പ് നിരോധിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്നുള്ള വർഷവും ചോർച്ച കണ്ടതിനെത്തുടർന്ന് ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് ഒരു സീസൺ കൂടി ഇക്കാര്യം പരിശോധിച്ചതിനുശേഷം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ജലസേചനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധർ സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഷീറ്റ് പൈലിംഗ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചമ്രവട്ടം പദ്ധതിയുമായി ബന്ധപ്പെട്ട വൈദ്യുതി ചാർജ്ജടയ്ക്കുന്നതിനും ജനറേറ്ററിന് ഡീസലടിക്കുന്നതിനും ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിനും തുക വകയിരുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചമ്രവട്ടം റെഗുലേറ്ററിന്റെ ജലനിരപ്പ് ഉയർത്തിയപ്പോൾ ചോർച്ച കണ്ടതിനെത്തുടർന്ന് ഏതാനും ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയും വിശദമായ പരിശോധന നടത്തുകയും

ചെയ്തിരുന്നു. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുള്ള പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയും താല്ക്കാലിക അറ്റകുറ്റപ്പണികൾ നടത്തി രണ്ടുസീസണുകൾ പരിശോധിച്ചതിനുശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും മണലെടുപ്പ് നിരോധിക്കുന്നതിനും പദ്ധതി പ്രദേശത്തെ ഡാം സുരക്ഷാ അതോറിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് വിശദമായി പഠിക്കുവാൻ ചുമതലപ്പെടുത്തിയ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ റിപ്പോർട്ടിൽ അനിയന്ത്രിതമായ മണൽവാരൽമൂലം പുഴയുടെ അടിത്തട്ട് താഴ്ന്നതുകാരണം ഡിസൈന് ആധാരമാക്കിയ സാഹചര്യങ്ങൾ മാറിയിട്ടുണ്ടെന്നും നിലവിലുള്ള ഡിസൈൻ ഉപരിതല ഒഴുക്കിനേയും ഭൂഗർഭ ഒഴുക്കിനേയും തടുക്കാൻ പര്യാപ്തമല്ലെന്നും ഇത് പരിഹരിക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. മണ്ണുപരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. മറ്റുകാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

### (1) മിഷൻ 676-ൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വിവിധ വകുപ്പുകളുടെ കീഴിൽ 60 ശതമാനത്തിലധികം പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അവശേഷിക്കുന്ന പണികൾകൂടി സമയബന്ധിതമായി പൂർത്തീകരിച്ച് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തീവ്രയത്നപരിപാടി മിഷൻ 676-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മിഷൻ 676-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെല്ലാം ഇതിനകംതന്നെ ഫൈനലൈസ് ചെയ്തുകഴിഞ്ഞു. വിവിധ വകുപ്പുകളുടെ കീഴിലുള്ള പണി പാതിവഴിക്ക് ഉപേക്ഷിച്ചതും പണി പൂർത്തിയായിട്ടും പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാകാത്തതിന്റെ പേരിൽ ഉപയോഗപ്രദമല്ലാതെ കിടക്കുന്നതുമായ കെട്ടിടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തി പണികൾ തുടർന്ന് നടത്തുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം

ശ്രീ. കെ. രാധാകൃഷ്ണൻ: മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേയ്ക്ക് പി.എസ്.സി. ശുപാർശ ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2007-09 കാലയളവിലെ എൻ.സി.എ. ഒഴിവുകളിലേക്കാണ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട 49 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയത്. 2013-14-ലേയ്ക്കുള്ള തസ്തികകൾ പുനർനിശ്ചയിച്ചപ്പോൾ മലപ്പുറം ജില്ലയിൽ 345-ഓളം തസ്തികകൾ കുറഞ്ഞുപോയതിനാലാണ് നിയമന ഉത്തരവ് നൽകാൻ സാധിക്കാതെ വന്നത്. ധീവര വിഭാഗത്തിലും ജനറൽ വിഭാഗത്തിലുംപെട്ട ഉദ്യോഗാർത്ഥികൾക്കും ഇത്തരത്തിൽ നിയമന ഉത്തരവ് നൽകാനുണ്ട്. പ്രശ്നം പരിഹരിച്ച് എത്രയുംവേഗം നിയമന ഉത്തരവ് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (3) ഗെയിൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ

ശ്രീമതി കെ. എസ്. സലീഖ: ഷൊർണ്ണൂർ, വാണിയംകുളം പ്രദേശങ്ങളിലൂടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗെയിലിന്റെ പ്രകൃതി വാതക പൈപ്പ്ലൈൻ

ഭാരതപ്പുഴയുടെ ഓരത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ്ലൈൻ (പി.&എം.പി.) ആക്ട് അനുസരിച്ചാണ് ഗെയിലിന്റെ പ്രകൃതി വാതക പൈപ്പ്ലൈനിന്റെ റൂട്ട് തീരുമാനിച്ചത്. ജനവാസ കേന്ദ്രങ്ങളിൽനിന്നും കൃഷി സ്ഥലങ്ങളിൽനിന്നും പരമാവധി അകലത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടെന്നാണ് ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട്. ഭാരതപ്പുഴയുടെ തീരത്തുകൂടി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (4) അമ്പലമുകൾ എച്ച്.ഒ.സി.-യിലെ പ്രതിസന്ധി

ശ്രീ. വി. പി. സജീന്ദ്രൻ: പൊതുമേഖലാ സ്ഥാപനമായ അമ്പലമുകൾ എച്ച്.ഒ.സി.-യിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആന്റി ഡംപിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ നഷ്ടപ്പെട്ടതുമൂലമാണ് എച്ച്.ഒ.സി.-യിൽ പ്രതിസന്ധിയുണ്ടായത്. ആന്റി ഡംപിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന മൂലധനത്തിനും ശമ്പള കുടിശ്ശികയ്ക്കും മറ്റ് നിയമപരമായ ബാധ്യതകൾ നിറവേറ്റാനുമായി സമർപ്പിച്ച 450

കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കിയാൽ മാത്രമേ കമ്പനിയെ പ്രവർത്തനസജ്ജമാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകം ആവശ്യപ്പെടുന്നതാണ്.

## (5) ഫയലുകൾ തീർപ്പാക്കാൻ കർമ്മപദ്ധതി

ശ്രീ. എം. പി. വിൻസെന്റ്: സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സെക്രട്ടേറിയറ്റിലും വിവിധ ഡിപ്പാർട്ടുമെന്റുകളിലും കെട്ടിക്കിടക്കുന്ന മൂന്ന് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ നൂറ് ദിവസത്തിനുള്ളിൽ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. നിയമപരവും സാങ്കേതികവുമായ കാരണങ്ങളാൽ തീരുമാനമെടുക്കാൻ സാധിക്കാത്തത് ഒഴികെയുള്ള ഫയലുകൾ വേഗം ഡിസ്പോസ് ചെയ്യാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സെക്രട്ടേറിയറ്റ് തലത്തിലും ഡിപ്പാർട്ടുമെന്റ്തലത്തിലും കളക്ടറേറ്റിലും അദാലത്തുകൾ നടത്തി ഫയലുകളിൽ തീരുമാനമെടുക്കാനും സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അത് മോണിറ്റർ

ചെയ്യുന്നതിനും റിസൾട്ട് ഉറപ്പാക്കുന്നതിനും ശ്രമിക്കുന്നതാണ്. ഓൺലൈൻവഴിയും ജനങ്ങൾക്ക് സേവനങ്ങളെത്തിച്ചുകൊടുക്കുന്നതിനുള്ള പരിപാടി ആവിഷ്കരിക്കുന്നുണ്ട്.

## (6) ആസ്തിവികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

ശ്രീ. ഇ. പി. ജയരാജൻ: എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആസ്തി വികസന ഫണ്ടിൽ ഏറ്റെടുക്കേണ്ട പ്രവൃത്തി ഏതാണെന്ന് നിശ്ചയിക്കാനുള്ള അധികാരം എം.എൽ.എ.-മാർക്കാണ്. ഭരണാനുമതി നൽകുന്നതിൽ ധനകാര്യ വകുപ്പ് അനാവശ്യമായ കാലതാമസം വരുത്തുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (7) ട്രഷറികളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങളുടെ കണക്കെടുപ്പ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: ഒരു സ്വതന്ത്ര ഏജൻസിയെ ഏർപ്പെടുത്തി കണക്കെടുപ്പും വിലനിർണ്ണയവും നടത്തിയും പ്രത്യേക കോടതിയെ ചുമതലപ്പെടുത്തി

കേസുകൾ തീർപ്പാക്കിയും സംസ്ഥാനത്തെ ട്രഷറികളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങൾ സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേരള ട്രഷറി കോഡ് ചട്ടം 158 പ്രകാരം സീൽ ചെയ്ത് പായ്ക്കറ്റുകളിലാക്കി ട്രഷറികളിൽ സൂക്ഷിക്കുന്ന സേഫ് കസ്റ്റഡി ആർട്ടിക്കിൾസ് സംബന്ധിച്ച് നിക്ഷേപിക്കുന്ന ഓഫീസർക്ക് മാത്രമാണ് അറിവുള്ളത്. നിക്ഷേപ സമയത്ത് ട്രഷറി ഓഫീസർ സൂക്ഷിക്കാൻ ഏൽപ്പിക്കുന്ന വസ്തുക്കൾ പരിശോധിക്കാറില്ല. നിക്ഷേപിക്കുന്ന ഓഫീസർക്ക് രസീത് നൽകി ട്രഷറിയുടെ സേഫ് കസ്റ്റഡി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ട്രഷറികളിൽ ഏൽപ്പിച്ച പായ്ക്കറ്റുകളിലെ സീലുകൾ ഭദ്രമാണോയെന്ന് ആറ് മാസത്തിലൊരിക്കൽ ട്രഷറി ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. ട്രഷറിയിൽ സൂക്ഷിക്കാൻ ഏൽപ്പിക്കുന്ന വസ്തുവകകളുടെ ഉടമസ്ഥാവകാശം അതത് ഓഫീസർമാർക്കാണ്. ട്രഷറിയിൽ ഏൽപ്പിച്ചിരിക്കുന്ന വസ്തുക്കൾ നിധിശേഖരമായി കാണാൻ സാധിക്കാത്തതിനാലും ലേലം ചെയ്യാനുള്ള അവകാശം ട്രഷറികളിൽ നിക്ഷിപ്തമല്ലാത്തതിനാലും അവയുടെ കണക്കെടുപ്പ്, ശാസ്ത്രീയ പഠനം എന്നിവ നടത്തേണ്ടതിന്റേയും തർക്കങ്ങൾ

പരിഹരിക്കാൻ സെമി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കേണ്ടതിന്റെയും ആവശ്യമില്ല.

## (8) 'ഹണി മിഷൻ' രൂപീകരിക്കൽ

ശ്രീ. എ. റ്റി. ജോർജ്: തേനീച്ച കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'ഹണി മിഷൻ' രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): തേനീച്ച കൃഷിയും തേൻ ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള ധാരാളം പദ്ധതികൾ നിലവിലുണ്ട്. കാർഷികവിളകളുടെ പരാഗണം മെച്ചപ്പെടുത്താൻ തേനീച്ച വളർത്തുന്ന രീതി പ്രചരിപ്പിക്കുന്നതാണ്. ഭക്ഷ്യ/ പോഷക സുരക്ഷയ്ക്കായി തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും തേനീച്ച കർഷകരുടെ സമഗ്ര വികസനത്തിനും ഗവേഷണ പുരോഗതിക്കുംവേണ്ടി ഹണി മിഷൻ നടപ്പിലാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന തേനീച്ച വളർത്തൽ പദ്ധതിപ്രകാരം പരിശീലനം ലഭിച്ച കർഷകർ ഉല്പാദിപ്പിക്കുന്ന തേൻ ഹോർട്ടികോർപ്പ് സംഭരിച്ച് സംസ്കരിച്ച് 'അമൃത ഹണി' എന്ന ലേബലിൽ വില്പന നടത്തുന്നുണ്ട്. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും തേനിന്റെ

ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഔഷധഗുണം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി സെമിനാറുകളും ശില്പശാലകളും എക്സിബിഷനുകളും സംഘടിപ്പിച്ചുവരുന്നു. തേനിന്റെ ഗുണനിലവാരം നിലനിർത്തിയുള്ള ഉല്പാദന വർദ്ധനവിനും വാണിജ്യാടിസ്ഥാനത്തിൽ ചെറുതേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹണി മിഷൻ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## (9) കാര്യങ്കോട് റെഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് തുടങ്ങിയ താലൂക്കുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കാര്യങ്കോട് പുഴയിലെ പാലായി വളവിൽ റെഗുലേറ്റർ കം-ബ്രിഡ്ജ് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായിവളവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ജലസേചനവകുപ്പിന്റെ പരിഗണനയിലുണ്ട്. നീലേശ്വരം മുനിസിപ്പാലിറ്റിയേയും കയ്യൂർ ചീമേനി പഞ്ചായത്തുകളേയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാദ്ധ്യമാക്കുന്നതോടൊപ്പം

ഉപ്പുവെള്ളം തടയുക, ജലസേചനസൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളപ്രശ്നം പരിഹരിക്കുക, ഭൂഗർഭ ജലനിരപ്പ് നിലനിർത്തുക, ടൂറിസം വികസനത്തിന് അടിസ്ഥാനസൗകര്യമൊരുക്കുക തുടങ്ങിയ കാര്യങ്ങളും ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നുണ്ട്. ഈ പദ്ധതിക്ക് 57 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി നബാർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

## (10) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി താലൂക്കാശുപത്രിയോടനുബന്ധിച്ച് കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ കെട്ടിടംപണി പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം, വൈദ്യുതി, ലൈസൻസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തി ആഗസ്റ്റ് മാസത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

## (11) പി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തൽ

<u>ശ്രീ. ബെന്നി ബെഹനാൻ:</u> എറണാകുളം ജില്ലയിലെ കാക്കനാട് പ്രൈമറി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): 29-1-2005-ൽ പ്രവർത്തനം ആരംഭിച്ച കാക്കനാട് പി.എച്ച്.സി.യിൽ ഒരു എൻ.ആർ.എച്ച്.എം. ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പി.എച്ച്.സി.യെ സി.എച്ച്.സി.യായും സി.എച്ച്.സി.യെ താലൂക്കാശുപത്രിയായും ഉയർത്തുകയെന്നതാണ് സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം. കാക്കനാട് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം പരിഗണിക്കുന്നതും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## (12) <u>മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കിയത് സംബന്ധിച്ച്</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കിയ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നടപടി പുന:സ്ഥാപിക്കുന്നതിനും ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും

നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): മഞ്ചേരി ജനറൽ ആശുപത്രിയിലെ നിലവിലുള്ള സൗകര്യങ്ങളും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്കായി പുതുതായി നിർമ്മിച്ചതും ഉപയോഗിക്കാതിരുന്നതുമായ കെട്ടിടവും ഉപയോഗപ്പെടുത്തി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് പ്രവർത്തനമാരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ ആദ്യവർഷം അദ്ധ്യാപക തസ്തികയുൾപ്പെടെ 108 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും 2013-14-ൽ 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. 2014 മാർച്ച് 11, 12 തീയതികളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ തുടരംഗീകാര പരിശോധനയിൽ ഏതാനും കുറവുകളുണ്ടെന്ന് കണ്ടെത്തിയിരുന്നു. സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക തസ്തികകളിൽ ഉയർന്ന തസ്തികകൾ പ്രൊമോഷൻ വഴിയും മറ്റുള്ളവ സ്ഥലംമാറ്റം വഴിയും നിയമിക്കാനുള്ള നടപടികൾ പൂർത്തിയാക്കി 11-04-2014-ന് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ജനറൽ ആശുപത്രിയെ മെഡിക്കൽ

കോളേജുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി ജനറൽ ആശുപത്രിയിൽ ജോലിചെയ്തിരുന്ന പി.ജി. ബിരുദമുള്ള ഡോക്ടർമാരെ അസിസ്റ്റന്റ് പ്രൊഫസർമാരായും പി.ജി. ബിരുദമില്ലാത്തവരെ ജൂനിയർ റെസിഡന്റുമാരായും ഡീംഡ് ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. മഞ്ചേരി ടി.ബി. സെന്റർ കോമ്പൗണ്ടിൽ പുതിയ ജനറൽ ആശുപത്രി സ്ഥാപിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് 26-05-2014-ൽ കേന്ദ്ര സർക്കാരിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കും ന്യൂനത പരിഹാര റിപ്പോർട്ട് നൽകിയിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിന്റെ തുടരംഗീകാരത്തിനും മറ്റുമായി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുമായും സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രിയും വകുപ്പ് സെക്രട്ടറിയും ചർച്ച നടത്തുകയും ആവശ്യമായ എല്ലാ രേഖകളും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കും കേന്ദ്ര സർക്കാരിനും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 12-07-2014-ൽ നടന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ച് തുടരംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശയോടെ കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിച്ചതായും അറിയുന്നു.

ഉത്തരവ് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## (13) പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. റ്റി. വി. രാജേഷ്: പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും സൂപ്രണ്ട് തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ കീഴിൽ മൊബൈൽ ഫിഷറീസ് മെഡിക്കൽ യൂണിറ്റ്, ഫാർമസി, ലാബ്, അത്യാഹിത വിഭാഗം, ഓഫീസ് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 13 ഡോക്ടർമാരുടേതുൾപ്പെടെ 52 തസ്തികകൾ അനുവദിക്കുകയും മൂന്ന് ജൂനിയർ കൺസൾട്ടന്റുമാരെയും സിവിൽ സർജനേയും നിയമിച്ചിട്ടുമുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലികമായി ഒരു നഴ്സിനെ നിയമിച്ചിട്ടുള്ളതിനാൽ നഴ്സുമാരുടെ ഒഴിവുകൾ നിലവിലില്ല. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ

നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**(1) 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമപ്രശ്നം**

## ബില്ലിലെ അപാകത

ശ്രീ. ഇ. പി. ജയരാജൻ: 1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരായിട്ടുള്ളതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകാൻ പാടില്ല. 1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ ഭൂപരിധി നിശ്ചയിക്കപ്പെടുകയും മിച്ചഭൂമി കണക്കാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 1963 മുതൽ 2005 വരെയുള്ള കാലയളവിൽ മിച്ചഭൂമിയായി കണക്കാക്കപ്പെട്ടിട്ടുള്ളതും സർക്കാരിൽ നിക്ഷിപ്തമായ ഭൂമി ഭൂരഹിതർക്ക് അർഹതപ്പെട്ടതുമാണ്. 'ഭൂരഹിത കേരളം' സൃഷ്ടിക്കാൻ പ്രസ്തുത ഭൂമി ഏറ്റെടുക്കുകയാണ് വേണ്ടത്. ഈ ബിൽ നിയമമാകുന്നതുവഴി വൻതോതിൽ തിരിമറി നടത്തി കച്ചവടം ചെയ്തിട്ടുള്ള മിച്ചഭൂമിക്ക് പൂർവ്വകാല പ്രാബല്യത്തോടെ നിയമപരമായ സംരക്ഷണം ലഭ്യമാകാനിടയാകും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പിൻവലിച്ച് മിച്ചഭൂമി സംരക്ഷിച്ച് ഭൂരഹിതർക്ക് നൽകാനുള്ള നിലപാട് സ്വീകരിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: ബില്ലിലെ 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം തോട്ടം മേഖലയെ അന്യാധീനപ്പെടുത്തി റിസോർട്ടുടമകൾക്കും ഹോട്ടലുടമകൾക്കും കൈവശപ്പെടുത്താനുള്ള സാഹചര്യമൊരുക്കുകയാണ്. കേരളത്തിലെ തോട്ടം ഭൂമി സംരക്ഷിക്കപ്പെടണമെങ്കിൽ ഇത്തരം ഭേദഗതി കൊണ്ടുവരാൻ പാടില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിന്റെ പ്രാരംഭ തീയതിക്കും 2005-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്റ്റിന്റെ (2006-ലെ 21) പ്രാരംഭ തീയതിക്കും ഇടയിൽ പ്രതിഫലത്തിന്മേൽ നാലു ഹെക്ടർ വരെയുള്ള മിച്ചഭൂമി കൈമാറ്റം ചെയ്ത് കിട്ടിയവരെ കുടിയാന്മാരായി കണക്കാക്കി സീലിംഗ് പരിധിയിൽനിന്ന് ഒഴിവാക്കാനാണ് 7(ഇ) വകുപ്പുപ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. നാല് ഹെക്ടറിൽനിന്നും നാല് ഏക്കറായി കുറച്ച് മുൻകാല പ്രാബല്യം നൽകുക എന്ന ഉദ്ദേശത്തോടെയാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>മി. സ്പീക്കർ:</u> മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): 2013-ലെ കേരള

ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേരള ഭൂപരിഷ്കരണ നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങി മിച്ചഭൂമിയാണെന്നറിയാതെ ജന്മിമാരിൽനിന്നും നിരവധി ആളുകൾ ഭൂമി വിലയ്ക്ക് വാങ്ങി കബളിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുന്നതിനുവേണ്ടിയാണ് 2005-ൽ ഭൂപരിഷ്കരണ നിയമം പാസ്സാക്കുകയും 05-10-2006-ൽ പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളത്. 2006-ലെ 21-ാം ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 7 ഇ വകുപ്പ് പ്രകാരം, 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ പ്രാരംഭ തീയതിക്കും 2005-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്ടിന്റെ (2006-ലെ 21) പ്രാരംഭ തീയതിക്കും ഇടയിലുള്ള കാലയളവിൽ പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ ഭൂമി കൈവശമുണ്ടായിരുന്ന ഏതെങ്കിലും ആളിൽനിന്നും അയാളോ അയാളുടെ മുൻഗാമിയോ പ്രതിഫലം നൽകി വാങ്ങുക വഴിയോ മറ്റ് വിധത്തിലോ ആർജ്ജിച്ച

നാലു ഹെക്ടറിൽ കവിയാത്ത വ്യാപ്തിയുള്ള ഏതെങ്കിലും ഭൂമി കൈവശമുള്ള ഏതൊരാളും ഒരു കുടിയാനായി കരുതപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ, 'സീറോ ലാന്റ് ലെസ് പദ്ധതി' വിഭാവന ചെയ്യുന്നപ്രകാരം ഭൂരഹിതരായ പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള മിച്ചഭൂമിയുടെ ലഭ്യതയിൽ കുറവുവരുത്തുന്നതിനും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനും കാരണമാകുമെന്നതിനാൽ 7 ഇ വകുപ്പുപ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നാല് ഹെക്ടറിൽ നിന്നും 1 ഹെക്ടർ, 61 ആർ, 87 ചതുരശ്ര മീറ്റർ (4 ഏക്കർ) ആയി പരിമിതപ്പെടുത്തുന്നതിനും 2012-ലെ 6-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്ത പ്രസ്തുത ആക്റ്റിലെ 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം തോട്ടവും അതിനോടനുബന്ധമായതോ അങ്ങനെയുള്ള തോട്ടങ്ങൾക്കുള്ളിൽ വ്യാപിച്ചുകിടക്കുന്നതോ ആയ ഭൂമിയും കൈവശമുള്ള ഒരാൾക്ക്, അങ്ങനെയുള്ള കൈവശഭൂമിയുടെ വ്യാപ്തിയുടെ അഞ്ചുശതമാനത്തിൽ കവിയാത്ത ഭാഗം ഉദ്യാനകൃഷിക്കോ, വാനിലയുടെയോ ഔഷധ സസ്യങ്ങളുടെയോ, മറ്റ് കാർഷിക വിളകളുടെയോ കൃഷിക്കോ അല്ലെങ്കിൽ ഹോട്ടലുകളോ, റിസോർട്ടുകളോ, മറ്റ് വിനോദസഞ്ചാര പദ്ധതികളോ സ്ഥാപിക്കുന്നതിനും അതുമായി

അനുബന്ധമായിട്ടുള്ളതോ ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി തോട്ടങ്ങളെ വൻതോതിൽ പരിവർത്തനപ്പെടുത്തുന്നതിന് കാരണമാകുകയും ചെയ്തു. ആയതിനാൽ മേൽപ്പറഞ്ഞ വ്യാപ്തിയിലുള്ള ഭൂമി ഉപയോഗിക്കുന്നതിന്മേൽ ചട്ടങ്ങൾവഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായിട്ടാണ് 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി, 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ശ്രീ. സാജു പോൾ: 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അന്യാധീനപ്പെട്ടുപോയ ഭൂമി തിരികെയെടുത്ത് പ്രയോജനപ്രദമാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാകാൻ സാധ്യതയില്ല. കേരള ഭൂപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കാരം, സമ്പൂർണ്ണ

സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ തുടങ്ങിയ വൈവിധ്യമാർന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുള്ളത് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളാണെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ആദ്യത്തെ ഇ.എം.എസ്. മന്ത്രിസഭ അധികാരമേറ്റെടുത്തപ്പോൾ ഇരുപത്തിയഞ്ച് ലക്ഷത്തോളംവരുന്ന കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുത്ത ചരിത്രപരമായ മാറ്റത്തിന്റെ തുടർച്ചയായാണ് കേരളത്തിലെ 91 ശതമാനം ജനങ്ങൾക്കും ഭൂവുടമസ്ഥാവകാശം നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തി വികൃതവൽക്കരിക്കുകയാണ് ചെയ്യുന്നത്. ഭൂരഹിത കേരളം പദ്ധതിയിലൂടെ വാസയോഗ്യമല്ലാത്ത ഭൂമിയാണ് ജനങ്ങൾക്ക് നൽകിയത്. കേരളത്തിൽ ഭൂപരിഷ്കരണത്തിനുപകരം ഭൂപരിവർത്തനമാണ് നടക്കുന്നത്. നിയമത്തിൽ ഭേദഗതി വരുത്തിയതു് കൊണ്ടുമാത്രം ഗവൺമെന്റിന് ഭൂമി പൂർണ്ണമായി ഏറ്റെടുക്കാൻ സാധിക്കില്ല. തോട്ടങ്ങളുടെ ആവശ്യത്തിനായുള്ള ഭൂമിയുടെ അഞ്ച് ശതമാനം ഉപയോഗിക്കുന്നതിൽ നിയന്ത്രണങ്ങളും ഉപാധികളും ഏർപ്പെടുത്തുന്നതുമൂലം തോട്ടങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. പരിസ്ഥിതി സംരക്ഷിക്കുകയോ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുകയോ യഥാർത്ഥ കൃഷിക്കാരന് പട്ടയം നൽകുകയോ ചെയ്യാതെ ഭൂ മാഫിയകളെ സഹായിക്കുന്ന നിലപാടാണ് ഗവൺമെന്റ്

സ്വീകരിക്കുന്നത്. കൈവശഭൂമിക്ക് പട്ടയം ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്. ആധുനിക സൗകര്യങ്ങളുണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ അഭാവംമൂലം റീസർവ്വേ ശരിയായി നടത്താൻ സാധിക്കുന്നില്ല. പൊതു ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടയപ്രശ്നം പരിഹരിക്കുന്നതിനും പൊതുആവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും ഉതകത്തക്ക രീതിയിലുള്ള ഭൂപരിഷ്കരണമായിരിക്കണം നടപ്പിലാക്കേണ്ടത്. വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം ആധുനികവത്കരിക്കണം. ഭൂമിയുടെ യഥാർത്ഥ അവകാശികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1963-ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് 1970-ൽ അച്ച്യുതമേനോൻ ഗവൺമെന്റാണ്. ഈ നിയമം നടപ്പിലാക്കുന്നതിനു മുമ്പുതന്നെ ജന്മിമാർ അവരുടെ കൈവശമുള്ള അധിക ഭൂമി കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നതിനാൽ നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചില്ല. ഭൂപരിഷ്കരണ നിയമം കാലാനുസൃതമായി പല

പ്രാവശ്യം ഭേദഗതി ചെയ്യുകയും 2005-ലെ ഭേദഗതി പ്രകാരം പ്ലാന്റേഷനുകളിലെ 5% ഭൂമി മറ്റാവശ്യങ്ങൾക്കായി നീക്കിവയ്ക്കാമെന്ന വ്യവസ്ഥ വരികയും ചെയ്തു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 4 ഹെക്ടറിൽനിന്നും 4 ഏക്കറായി പരിമിതപ്പെടുത്തി ബാക്കി ഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്തവർക്ക് കൊടുക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭൂപരിഷ്കരണത്തിലൂടെ 7,20,000 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തെങ്കിലും ഇന്നുവരെ 93778 ഏക്കർ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഉദ്യോഗസ്ഥരെയും ഗവൺമെന്റിനെയും സ്വാധീനിച്ച് നിയമങ്ങൾ അട്ടിമറിച്ച് വൻകിടക്കാർ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം. വൻകിടക്കാരുടെ കൈവശ മിച്ചഭൂമിയും പാട്ടക്കാലാവധി അവസാനിച്ച തോട്ടങ്ങളും ഏറ്റെടുക്കുന്നതിന് സർക്കാർ തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

## 1) 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അഴിമതിരഹിത സമൂഹം എന്ന ലക്ഷ്യത്തോടുകൂടി കേരള ലോക് ആയുക്തയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ ജസ്റ്റീസ് കെ. പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. അതിന് അനുരൂപമായിട്ടാണ് പാർലമെന്റിൽ പുതിയ ലോക്പാൽ നിയമം പാസ്സാക്കിയത്.

ഇൻഡ്യയിൽ നിലനിൽക്കുന്ന അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനുതകുന്ന രീതിയിലാണ് നിയമം പാസ്സാക്കിയിരിക്കുന്നത്. ഈ നിയമം ഫോളോ ചെയ്യണമോ വേണ്ടയോ എന്നതും ജസ്റ്റീസ് കെ. പി ബാലചന്ദ്രൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടതുണ്ടോ എന്നതും ചിന്തിക്കേണ്ടതുണ്ട്. ലോക് ആയുക്ത നിയമം റെക്കമന്ററി നേച്ചറിലുള്ളതാണ്. ലോക്പാൽ നിയമത്തിന്റെ പശ്ചാത്തലത്തിൽ പുതിയ ഒരു നിയമം കൊണ്ടുവരുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുകയാണ്. ലോക് ആയുക്ത നിയമം എത്രത്തോളം ഫലപ്രദമാണെന്നതിനെ സംബന്ധിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ഗൗരവമായി ആലോചിക്കണം. അഴിമതി പൂർണ്ണമായും തുടച്ചുനീക്കത്തക്ക തരത്തിലുള്ള വിപുലമായ അധികാരങ്ങൾ ലോക്പാൽ നിയമത്തിനുള്ളപ്പോൾ ലോക് ആയുക്ത നിയമത്തിന് റെക്കമെന്റ് ചെയ്യുന്നതിനുള്ള അധികാരം മാത്രമേയുള്ളൂ. കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് അഴിമതി ശക്തമായി തടയാനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. ലോക്പാൽ നിയമമനുസരിച്ച് സമയബന്ധിതമായാണ് അന്വേഷണം പൂർത്തിയാക്കുന്നതെങ്കിൽ ലോക് ആയുക്തയിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. സമഗ്രമായ ഒരു അഴിമതി നിരോധന നിയമം സംസ്ഥാനത്ത് കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇപ്പോൾ

ലോകായുക്തയിലെ ജീവനക്കാരുടെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാക്കുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ പരിഗണനയ്ക്കെടുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ലോക് ആയുക്തയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതു സംബന്ധിച്ച ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നതെങ്കിലും ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട കുറേ കാര്യങ്ങളുണ്ട്. നിലവിലുള്ള നിയമപ്രകാരം ലോക് ആയുക്ത നൽകുന്ന റിപ്പോർട്ട് സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാനുള്ള അധികാരം സർക്കാരിനുണ്ട്. സ്വമേധയാ കേസ്സെടുക്കുന്നതിനോ പരാതിക്കാരൻ ഉപേക്ഷിച്ചുപോയാൽ കേസ് തുടർന്നു നടത്താനോ പൊതുപ്രവർത്തകർ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് യഥാസമയം ഫയൽ ചെയ്യാതിരുന്നാൽ പിഴ ഈടാക്കുന്നതിനോ ലോക് ആയുക്തയ്ക്ക് അധികാരമില്ല. വളരെ പരിമിതമായ അധികാരങ്ങൾ മാത്രമുള്ളതുകൊണ്ട് അഴിമതിക്കെതിരെ ശക്തമായ സംവിധാനമായി പ്രവർത്തിക്കാൻ ലോക് ആയുക്തയ്ക്ക് കഴിയുന്നില്ല. ലോക് ആയുക്ത ഉത്തരവിട്ടാൽ പരാതിക്കാരന് ചെലവായ തുക റവന്യൂ റിക്കവറി നടപടിമുഖേന ഈടാക്കാൻ കഴിയുന്ന വിധത്തിൽ നിയമഭേദഗതി കൊണ്ടുവരുന്നതിനും ലോക് ആയുക്തയുടെ

കീഴിൽ ഇൻവെസ്റ്റിഗേഷൻ, പ്രോസിക്യൂഷൻ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം. പോലീസ് വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ ഒഴിവാക്കി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ നിയമനങ്ങൾ നേരിട്ട് നടത്തുന്നതിനും ഈ സംവിധാനത്തെ ലോക് ആയുക്തയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം. ലോക് ആയുക്ത നിയമം കാലഹരണപ്പെട്ട സാഹചര്യത്തിൽ ലോക്പാൽ നിയമത്തിനനുസൃതമായി അഴിമതിക്കെതിരെ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്ന അധികാരങ്ങളോടുകൂടിയ സ്റ്റേറ്റ് ലോക്പാൽ നിയമനിർമ്മാണത്തിന് സർക്കാർ സന്നദ്ധമാകണം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പി.എസ്.സി.യുടെയും ലോക് ആയുക്തയുടെയും മേൽ സർക്കാരിന്റെ അധീശത്വം അടിച്ചേൽപ്പിക്കുന്ന നിയമമായി ഇത് പരിമിതപ്പെടുകയാണ്. ഭരണഘടനയുടെ അന്തസിന് വിഘാതമേൽപ്പിക്കുന്ന തരത്തിലുള്ള ഇത്തരം നിയമനിർമ്മാണം ആപത്കരമാണ്. നിയമങ്ങൾ നിഷ്പക്ഷമായിരിക്കണം. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ലിസ്റ്റിൽനിന്നും നിയമനം നടത്താത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ലോക് ആയുക്തയുടെയും പി.എസ്.സി.യുടെയും സ്വാതന്ത്ര്യത്തിൽ കൈകടത്തുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽനിന്നും ഒഴിവാക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോക് ആയുക്ത ഉൾപ്പെടെയുള്ള നിരവധിയായ കമ്മീഷനുകളുടെ പ്രവർത്തനം ശരിയായ രീതിയിലാണോ നടക്കുന്നതെന്ന് ഗൗരവമായി ചിന്തിക്കണം. നിലവിലുള്ള ലോക് ആയുക്ത നിയമം കൂടുതൽ പരിഷ്കരിച്ച് ശക്തിപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണം. പാർലമെന്റ് പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെ ചുവടുപിടിച്ച് എല്ലാ രംഗത്തുമുള്ള അഴിമതി തടയുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തണം. അഴിമതി തടയുന്നതിൽ നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പൂർണ്ണ പരാജയമാണെന്നാണ് വിവിധ പഠനങ്ങൾ തെളിയിക്കുന്നത്. ജുഡീഷ്യറിയിൽ അഴിമതി വ്യാപകമായിരിക്കുകയാണ്. പ്രധാനപ്പെട്ട കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റിലും ജുഡീഷ്യറിയിലുമിരിക്കുന്നവർ അതാത് സമയത്തെ രാഷ്ട്രീയ നേതൃത്വവുമായി സന്ധിയുണ്ടാക്കി റിട്ടയർമെന്റിനുശേഷമുള്ള ലാവണം കണ്ടെത്താനുള്ള അവസരമായി ഔദ്യോഗിക പദവിയെ ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിവിശേഷമാണുള്ളത്. ഗവേണൻസ് ഡെഫിസിറ്റ് നികത്തുന്നതിന് അഴിമതി

പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ട്.

<u>ശ്രീ. എം. ഹംസ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോക് ആയുക്ത നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിലും ചട്ടം നിർമ്മിക്കുന്നതിലുമുള്ള പോരായ്മകൾ പരിഹരിക്കണം. അഴിമതിക്കെതിരായ പോരാട്ടം ശക്തമാക്കുകയും ദേശീയ സമ്പത്ത് സംരക്ഷിക്കാനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യണം. പോലീസ് വകുപ്പിൽ നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും അധികാര ദുർവിനിയോഗവും തടയാനാവശ്യമായ നടപടി സ്വീകരിക്കണം. പ്ലസ് വൺ അഡ്മിഷനിലെ അപാകത പരിഹരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ലാബ് ടെക്നീഷ്യന്മാരുടെയുംമറ്റും ക്വാളിഫിക്കേഷൻ പരിശോധിക്കുന്നതിന് ആവശ്യമായ നിയമം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം. അഴിമതിക്കാരായ ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയപ്രവർത്തകരുടേയും പേരിൽ നടപടിയെടുക്കാനുതകുന്ന തരത്തിലുള്ള മാതൃകാപരമായ നിയമം നിർമ്മിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ലോക് ആയുക്തയിൽ പി. എസ്. സി.മുഖാന്തിരം നിയമനങ്ങൾ നടത്തുന്നതിനും ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ലോക്പാൽ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് സമൂഹത്തിന്റെ വിവിധ തലങ്ങളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉതകുന്നവിധത്തിൽ സമഗ്രമായൊരു നിയമനിർമ്മാണം നടത്തണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ലോക് ആയുക്തയുടെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിനായുള്ള ഈ ബിൽ പാസ്സാക്കുന്നതോടൊപ്പം സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളെയും ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്ത് ഭാവിയിൽ ആരംഭിക്കാൻ പോകുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവരണമെന്ന വകുപ്പുകൂടി ഈ നിയമത്തിൽ ഉൾക്കൊള്ളിക്കണം. നിലവിലുള്ള ലോകായുക്ത നിയമത്തെ കൂടുതൽ സജീവമാക്കി അഴിമതിക്കെതിരെ ശക്തമായ പോരാട്ടം നടത്താനുള്ള നിയമമാക്കി ഈ ബില്ലിനെ മാറ്റണം. ലോകായുക്ത ആക്റ്റിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിനുവേണ്ടി

ജസ്റ്റിസ് ബാലചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നടപ്പാക്കണം. അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനുപകരം ഉത്തരവ് നൽകാൻ കഴിയുന്ന രീതിയിൽ സെക്ഷൻ 12 അടിയന്തരമായി ഭേദഗതി ചെയ്യണം. നിയമസഭാ സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ലോകായുക്തയുടെ ഓഫീസ് മാറ്റി സ്ഥാപിക്കണം. സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഈ ബില്ലിന്റെ പ്രസക്തിയെക്കുറിച്ചും സമൂഹത്തിലെ അഴിമതിയെ സംബന്ധിച്ചുമുള്ള ശക്തമായ അഭിപ്രായങ്ങളാണ് ഇരുപക്ഷത്തുനിന്നും ഉണ്ടായത്. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ബിൽ നിയമമാക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ലോക്പാൽ നിയമം വന്ന സാഹചര്യത്തിൽ ലോകായുക്ത നിയമത്തിൽ കാര്യക്ഷമമായ മാറ്റമുണ്ടാക്കുന്നതിനാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. ഗുഡ് ഗവേണൻസ് നടപ്പാക്കുന്നതിന് അഴിമതി തടയേണ്ടത് അനിവാര്യമാണ്. സ്പെഷ്യൽ റൂൾസുണ്ടാക്കുന്ന ഘട്ടത്തിൽ പി.എസ്.സി.-യുമായി ചർച്ച ചെയ്ത് അവ്യക്തത ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ലോകായുക്തയുടെ പ്രവർത്തനത്തിനായി പുതിയ ഓഫീസ് നിർമ്മിക്കാനുള്ള നടപടികളെടുത്തു വരികയാണ്.

അഴിമതിക്കെതിരായി നിയമനിർമ്മാണം നടത്തണമെന്ന കാര്യത്തിൽ സർക്കാരിന് യോജിപ്പാണുള്ളത്. അഴിമതി തടയുന്നതിനായി ലോക്പാൽ ബിൽ നിലവിൽ വന്ന സാഹചര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം സംസ്ഥാന സർക്കാർ കൊണ്ടുവരുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

134, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>മൂന്നാം വകുപ്പ്</u>

137, 139, 140, 141, 143, 145, 147, 148, 149, 150, 154, 155, 156, 157, 158, 159, 160, 161, 163, 164, 165, 166, 169, 170, 171, 172, 173, 174, 175, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

165. ഖണ്ഡം 3(3)-ൽ " (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പും " എന്നീ വാക്കുകൾക്ക് പകരം, " (2)-ാം ഉപവകുപ്പ് " എന്ന വാക്ക് ചേർക്കുക.

174. ഖണ്ഡം 3(3)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി സർക്കാർ ഒരു തീരുമാനം എടുക്കുന്നതിന് മുൻപ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ് " .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

177, 179, 180, 181, 185, 188 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

179. ഖണ്ഡം 4(2)(ബി)-ൽ " ഉദ്ദേശത്തിന് " എന്ന വാക്കിനുപകരം " ഉദ്ദേശ്യത്തിന് " എന്ന വാക്ക് ചേർക്കുക.

180. ഖണ്ഡം 4(2)(ബി)-യ്ക്കുശേഷം വരുന്ന " വ്യവസ്ഥ ചെയ്യാവുന്നതാണ് " എന്നീ വാക്കുകൾക്കുപകരം "എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നീ

വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

107, 109, 111 എ, 112, 114, 115, 119, 120 എ, 121, 124, 129, 130, 131, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(111) ദീർഘശീർഷകത്തിൽ "വിനിയോഗിക്കുന്നതിന് " എന്ന വാക്കിന് പകരം "നിർവ്വഹിക്കുന്നതിന്"എന്ന വാക്ക് ചേർക്കേണ്ടതാണ്.

(120)പീഠികയിൽ "വിനിയോഗിക്കുന്നതിന്" എന്ന വാക്കിനുപകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ

ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സമയബന്ധിതമായി ചട്ടങ്ങൾ രൂപീകരിക്കാത്തതുകാരണം പി.എസ്.സി.ക്ക് വിട്ടുകൊടുത്ത നിയമനങ്ങൾ നടത്താൻ കാലതാമസം നേരിടുകയും പ്രസ്തുത നിയമനങ്ങൾ പി.എസ്.സി.യിൽനിന്നും തിരിച്ചെടുക്കേണ്ടി വരുന്ന അവസ്ഥയുമുണ്ടാകുന്നതിനാൽ ലോകായുക്തയിലെ ജീവനക്കാരുടെ നേരിട്ടുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള ബിൽ പാസ്സാക്കുന്ന അവസരത്തിൽ അതിനാവശ്യമായ ചട്ടങ്ങൾ കാലതാമസം കൂടാതെ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കാലതാമസം കൂടാതെ സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് പി.എസ്.എസി. വഴി നിയമനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ

അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കേരളത്തിലെ സർവ്വകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സാമുദായിക സംവരണം ഏകീകൃതരൂപത്തിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ സർവ്വകലാശാല മാതൃകയിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മറ്റ് സർവ്വകലാശാലകളിൽക്കൂടി സംവരണതത്വം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും മറ്റ് സർവ്വകലാശാലകളിലുള്ളതുപോലെ കോഴിക്കോട് സർവ്വകലാശാലയിലും സെനറ്റിൽ വിവര സാങ്കേതിക-ജൈവ-സാങ്കേതിക വിദ്യാ മേഖലയിൽ നിന്നുള്ളവർക്കു പകരമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള വിദഗ്ദ്ധരെ

ഉൾപ്പെടുത്തുന്നതിനും മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ പ്രോ-വൈസ് ചാൻസിലറുടെ കാലാവധി നിശ്ചയിക്കുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിലെ സെനറ്റംഗങ്ങളുടെ എണ്ണം നിശ്ചിതമായിരിക്കണം. സെനറ്റംഗങ്ങളുടെ യോഗ്യത സംബന്ധിച്ച് പരിശോധിക്കണം. സർവ്വകലാശാലകളുടെ പ്രവർത്തനത്തിന് സഹായകരമാകുമായിരുന്ന വിവര സാങ്കേതിക-ജൈവ-സാങ്കേതിക വിദ്യാ മേഖലയിൽനിന്നുള്ളവർക്കു പകരമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നുള്ളവരെ നാമനിർദ്ദേശം ചെയ്യുന്ന വ്യവസ്ഥ അംഗീകരിക്കാൻ സാധ്യമല്ല. തെറ്റായ രേഖകൾ കൊടുത്ത് ബി.എഡ്. കോളേജിന് അഫിലിയേഷൻ വാങ്ങിയ ശ്രീ. ജ്യോതികുമാർ ചാമക്കാലയെ സെനറ്റ് മെമ്പർ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനും ബി.എഡ് കോളേജുകൾ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം. എല്ലാ സർവ്വകലാശാലകളിലെയും സംവരണ തത്വങ്ങൾ ഏകീകരിക്കുന്നതിന് ബില്ലിലുള്ള നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിലെല്ലാം അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന അവസരത്തിൽപ്പോലും സാങ്ഷൻഡ് സ്ട്രെങ്ത്തിനേക്കാൾ

കൂടുതൽ ആളുകൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഫാക്കൽറ്റിയായി ജോലി നോക്കിവരികയാണ്. സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ഫാക്കൽറ്റികളുടെ അഭാവംമൂലം ലോകോത്തര നിലവാരം പുലർത്തുന്ന യൂണിവേഴ്സിറ്റികളോ കോളേജുകളോ നമുക്കില്ല. ആയതിനാൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് നടത്തിയ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടും സ്പെഷ്യൽ റൂൾസും ഭേദഗതി ചെയ്യുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പ്രധാനപ്പെട്ട സർവ്വകലാശാലകളിലെല്ലാം നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഡിഗ്രി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ളവ സമയത്തിന് ലഭ്യമാകുന്നില്ല. ഓരോ സർവ്വകലാശാലയുടെയും കീഴിലുള്ള കോളേജുകളുടെയും കോഴ്സുകളുടെയും എണ്ണത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് നോൺ-ടീച്ചിംഗ് സ്റ്റാഫുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ സംവരണം കൊണ്ടുവരാനുള്ള

തീരുമാനം സ്വാഗതാർഹമാണ്. കാലിക്കട്ട് സർവ്വകലാശാല ആക്ടിലെ ഭേദഗതി ചെയ്ത സെക്ഷൻ 17(5) പ്രകാരം 'സെനറ്റിലെ മറ്റംഗങ്ങൾ' എന്നതിൽ 'ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നും .... ആറിൽ കൂടാത്ത അംഗങ്ങൾ' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനു പകരമായി അംഗങ്ങളുടെ എണ്ണം നിശ്ചിതപ്പെടുത്തേണ്ടതും പുതുതായി കൂട്ടിച്ചേർത്ത സെക്ഷൻ 18(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുള്ള 'മറ്റംഗങ്ങൾക്ക് ' ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളം കാലം ആ പദവിയിൽ തുടരാൻ സാധിക്കുന്നതാണെന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതുമാണ്. സർവ്വകലാശാലകളിൽ യോഗ്യതയുള്ള വി.സി.-മാരെ നിയമിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും സമയബന്ധിതമായി പരീക്ഷകൾ നടത്തി വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. സർവ്വകലാശാലയുടെ നടത്തിപ്പിൽ കെടുകാര്യസ്ഥതയും കൊള്ളരുതായ്മകളുമാണ് നിലനിൽക്കുന്നത്. പരീക്ഷാ നടത്തിപ്പിലും ഫലം പ്രസിദ്ധീകരിക്കുന്നതിലും ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലുമുണ്ടാകുന്ന കാലതാമസം ഉന്നതവിദ്യഭ്യാസം ലക്ഷ്യമിടുന്ന വിദ്യാർത്ഥികളെ പ്രതിസന്ധിയിലാക്കുകയാണ്. സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ഓരോ മേഖലയിലും പ്രത്യേകം സർവ്വകലാശാലകൾ

ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാലകളിലെ അദ്ധ്യാപന-ഗവേഷണ രംഗത്തെ സ്ഥിതിയെക്കുറിച്ച് പുനർവിചിന്തനം ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ സമൂഹത്തിനും രാജ്യത്തിന്റെ ഭാവിക്കുമുതകുന്ന നേട്ടങ്ങൾ ലഭ്യമാക്കുന്നതാകണം. സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി സരവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി വരുത്താൻ പാടില്ല .

ഡോ. കെ. ടി. ജലീൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ മൂന്ന് ഭേദഗതികളാണ് വന്നിട്ടുള്ളത്. ഒരു സർവ്വകലാശാലയിൽ മാത്രം അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ എല്ലാ ഡിപ്പാർട്ട്മെന്റുകളെയും ഒരു യൂണിറ്റാക്കി സംവരണം പാലിക്കണമെന്നുള്ള നിയമഭേദഗതി ആയിരുന്നു ഉദ്ദേശിച്ചിരുന്നതെങ്കിലും എല്ലാ സർവ്വകലാശാലകൾക്കും ബാധകമാക്കണമെന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി കൊണ്ടുവരാൻ തയ്യാറായത് അഭിനന്ദനീയമാണ്. തിരഞ്ഞെടുപ്പിലൂടെ വരുന്ന ആളുകൾ ബന്ധപ്പെട്ട മേഖലകളിൽ പ്രാവീണ്യമില്ലാത്തവരുമാകാം എന്നതിന്റെ അടിസ്ഥാനത്തിലാണ് സെനറ്റുകളിലും സിൻഡിക്കേറ്റുകളിലും നാമനിർദ്ദേശം ചെയ്യുക എന്ന അഭിപ്രായം സ്വീകരിക്കപ്പെട്ടത്. സർവ്വകലാശാലകളുടെ സെനറ്റ്/ സിൻഡിക്കേറ്റുകളിൽ സംഘ് പരിവാർ അനുകൂലികൾ വന്നാലുണ്ടാകുന്ന അപകടാവസ്ഥയെക്കുറിച്ച് സർക്കാർ

ആലോചിക്കണം. സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും തെരഞ്ഞെടുക്കപ്പെടുന്ന വർക്ക് കാലാവധി നിശ്ചയിക്കുകയും ചാൻസലറും സർക്കാരും നോമിനേറ്റ് ചെയ്യുന്ന അംഗങ്ങൾക്കുള്ള പ്രവർത്തന കാലാവധി നിശ്ചയിക്കപ്പെടാതിരിക്കുന്നതും ചെയ്യുന്നത് തെരഞ്ഞെടുക്കപ്പെടുന്നവരോട് കാണിക്കുന്ന അനീതിയാണ്. റീ-എംപ്ലോയ്മെന്റ് ലഭിച്ച കോഴിക്കോട് സർവ്വകലാശാലയുടെ വൈസ് ചാൻസലർ ശമ്പളവും പെൻഷനും ഒരുമിച്ച് വാങ്ങുന്നതിനെതിരെ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. വനിതാ ജീവനക്കാർ വൈസ് ചാൻസലറുടെ ഓഫീസിൽ പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവിറക്കിയ അദ്ദേഹം നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉണ്ടായിരിക്കെ പുതിയ കോഴ്സുകളോ ഡിപ്പാർട്ടുമെന്റുകളോ ആരംഭിക്കാതെ 40 കോടി രൂപ വിനിയോഗിച്ച് പുതിയ ബ്ലോക്ക് നിർമ്മിക്കുകയാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ പദവിയിൽനിന്നും അദ്ദേഹത്തെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പ്രോ-വൈസ് ചാൻസലറുടെ കാലാവധി നാല്

വർഷമായി നിജപ്പെടുത്തുന്നതും കോഴിക്കോട് സർവ്വകലാശാല സെനറ്റിൽ വിവിധ മേഖലകളിലെ പ്രഗത്ഭർ കടന്നുവരത്തക്ക വിധത്തിൽ ഭേദഗതി കൊണ്ടുവരുന്നതും എല്ലാ സർവ്വകലാശാലകളിലെയും നിയമനങ്ങളിൽ കെ.എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം സംവരണം നടപ്പാക്കുന്നതും സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ നിയമനങ്ങൾക്ക് ഏകീകൃതസ്വഭാവം കൊണ്ടുവരുന്നതിനുള്ള നിയമനിർമ്മാണങ്ങളുണ്ടാകണം. മലബാർ മേഖലയിലെ സ്കൂളുകളിൽ ആവശ്യത്തിന് പ്ലസ് ടൂ സീറ്റുകൾ അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. അവികസിത രാജ്യങ്ങളിലെ കുട്ടികൾക്കുകൂടി കടന്നുവരാൻ കഴിയുന്ന നിലയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം വളരണം. ഉന്നത വിദ്യാഭ്യാസരംഗത്ത് യോഗ്യതയുള്ള എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്ന സാഹചര്യമുണ്ടാകണം. സർവ്വകലാശാലകളിൽ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാരിന്റെ മേൽനോട്ടമുണ്ടാകണം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാരിന്റെ തെറ്റായ നിലപാടുകളും തീരുമാനങ്ങളും ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. സർവ്വകലാശാലകളിലെ ഉന്നതമായ വൈസ് ചാൻസലർ പദവി രാഷ്ട്രീയ-സാമുദായിക പരിഗണനകളുടെ അടിസ്ഥാനത്തിൽ വീതം വയ്ക്കുകയാണ്. അവകാശങ്ങൾ കവർന്നെടുക്കുന്ന കോഴിക്കോട് സർവ്വകലാശാലാ വി.സി.യുടെ നടപടിക്കെതിരെ ജീവനക്കാർ സമരത്തിലാണ്. വൈസ് ചാൻസലർമാർ യോഗ്യരല്ലാത്തതുകൊണ്ട് കണ്ണൂർ, സംസ്കൃത സർവ്വകലാശാലകളുടെ ഗ്രാന്റ് തടയാനുള്ള നീക്കം നടക്കുകയാണ്. കേരള സർവ്വകലാശാലയിലെ ബി.എഡ്. സെന്ററുകളിലെ ജീവനക്കാരെയും അദ്ധ്യാപകരെയും പിരിച്ചുവിട്ട് സെന്ററുകൾ പൂട്ടാൻ നടത്തുന്ന ശ്രമം ഉപേക്ഷിക്കണം. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് അമിത ഫീസ് ഈടാക്കുന്നതിന് നിയന്ത്രണം കൊണ്ടുവരണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സെനറ്റംഗങ്ങളുടെ എണ്ണം ആറാക്കിയത് വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും പ്രാതിനിധ്യം ഉറപ്പുവരുത്താൻ വേണ്ടിയാണ്. സെനറ്റിന്റെ കാലാവധി അവസാനിക്കുന്നതോടൊപ്പം നോമിനേറ്റഡ് മെമ്പർമാരുടെ കാലാവധിയും അവസാനിക്കുന്നതാണ്.

യൂണിവേഴ്സിറ്റികളിലെ നോൺ-ടീച്ചിംഗ് സ്റ്റാഫ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ടുള്ള ഭേദഗതി എല്ലാ യൂണിവേഴ്സിറ്റികളുടെയും ബൈലായിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള പുതിയ മാനദണ്ഡങ്ങൾ യൂണിവേഴ്സിറ്റികളുടെ ആക്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അടഞ്ഞുകിടക്കുന്ന ബി.എഡ്. സെന്ററുകൾ വീണ്ടും തുറന്നുപ്രവർത്തിപ്പിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മെമ്പർമാർക്കെതിരായ ആരോപണങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ സിൻഡിക്കേറ്റിന് അധികാരമുണ്ട്. സർവ്വകലാശാല അദ്ധ്യാപകരുടെ ഒഴിവ് നികത്തുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ പ്രവേശനവും പരീക്ഷകളുടെ നടത്തിപ്പും ഏകീകരിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാലാ വി.സി.യെക്കുറിച്ച് ലഭിച്ച പരാതി അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളിൽ അയോഗ്യർ കയറിക്കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

111, 114, 115, 117, 119 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പ്

121, 122, 124, 127, 129, 135, 136, 137, 138, 142, 143, 144, 145, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

144-ാം നമ്പർ ഭേദഗതി 47-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

4-ാം വകുപ്പ്

147, 148, 149, 150, 151, 154, 156, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

161, 162, 164, 166, 167, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ്

170, 171, 172, 173, 175, 177, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാം വകുപ്പ്

186-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

8-ാം വകുപ്പ്

187-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(107) In sub-clause (1) of clause, for the word " Amendment" the words " Second Amendment" shall be substituted.

107-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന

പ്രമേയം 48-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.

* * * * * * * * * * *